**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1446** **01-02-2024 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ ഏതൊക്കെ സർക്കാർ സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചുവെന്നും ഏതൊക്കെ സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | **പേരാമ്പ്ര മണ്ഡലത്തിലെ താഴെപറയുന്ന സ്കൂളുകൾക്ക് പ്ലാൻഫണ്ട് വിനിയോഗിച്ച് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.**<br>1. ജി.വി.എച്ച്.എസ്.എസ് മേപ്പയ്യൂർ - 500 ലക്ഷം രൂപ<br>2. ജി.എൽ.പി.എസ് രാമല്ലൂർ - 425 ലക്ഷം രൂപ |
| (ബി) | 'നബാർഡ്' സ്കീമിൽ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചുവെന്നും ആയതിന്റെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | **നബാർഡ് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**<br>1. ജി.യു.പി.എസ് പേരാമ്പ്ര<br>2. ജി.യു.പി.എസ് വേങ്ങപ്പറ്റ<br>3. ജി.യു.പി.എസ് ചെറുവണ്ണൂർ<br>നിർമ്മാണം പൂർത്തിയായി |
| (സി) | പേരാമ്പ്ര ജി.യു.പി. സ്കൂളിന് ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ് |
| (ഡി) | ആവള ഗവ. ഹയർ സെക്കണ്ടറി സ്കൂളിന് ചുറ്റുമതിലും ഗേറ്റും നിർമ്മിക്കുന്നതിന് എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 60 ലക്ഷം രൂപയുടെ പ്രപ്പോസൽ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ഡി) | പൊതുമരാമത്ത് വകുപ്പ് മുഖേന 60 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട് |
| (ഇ) | നടുവണ്ണൂർ ശ്രീവാസുദേവാശ്രമം സ്കൂളിന്റെ ലാബിനു വേണ്ടി അനുവദിച്ച 50 ലക്ഷം രൂപയുടെ നടപടികൾ എന്തായെന്ന് വിശദമാക്കാമോ? | (ഇ) | ലാബ് നിർമ്മാണത്തിന് ഭരണാനുമതി നൽകിയെങ്കിലും 2022-23 സാമ്പത്തിക വർഷത്തിലെ ട്രഷറി നിയന്ത്രണം കാരണം പൊതുമരാമത്ത് വകുപ്പിന് തുക ഡെപ്പോസിറ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ